# ART OF VENICE



## ഗവഃഗേൾസ് എച്ച്. എസ്. എസ്

## ആലപ്പുഴ

# ആർട്ട് ഓഫ് വെനീസ്

# ഡിജിറ്റൽ മാഗസിൻ

## 2018-2019

## ഗവ:ഗേൾസ് എച്ച്. എസ്. എസ്

## ആലപ്പുഴ



### ഒരു ലിറ്റിൽ കൈറ്റ്സ് സംരംഭം

# നന്ദി

**കലാ ജോൺ(ഹെഡ്മിസ്ട്രസ്സ്)**

**കെ ജെ നോബിൾ(മലയാളം)**

**അബ്സാ ബീവി(ഫിസിക്കൽ സയൻസ്)**

**മറ്റ് അദ്ധ്യാപകർ**

**ഗോപിക പി എ(ലിറ്റിൽ കൈറ്റ്സ് അംഗം)**

**ആമിന കെ(ലിറ്റിൽ കൈറ്റ്സ് അംഗം)**

**ഷെസ്ന എസ്(വിദ്യാർത്ഥി പ്രതിനിധി)**

# ആശംസകൾ

ഐ.ടി.രംഗത്തെ അനന്തസാധ്യതകളിലൂടെയുള്ള മുന്നേറ്റത്തിന് ഒരു പൊൻ തൂവൽ ചാർത്തുകയാണിവിടെ.പുതുതലമുറയുടെ സർഗ്ഗവാസനകളുടെ സാങ്കേതിക പരിവേഷമാണ് ഈ ഡിജിറ്റൽമാഗസിൻ.സൈബർ ലോകം കീഴടക്കാൻ വെമ്പുന്ന ഇളം മനസ്സുകൾക്കു എല്ലാ ആശംസകളും നേരുന്നു.



കലാ ജോൺ
ഹെഡ്മിസ്ട്രസ്സ്
ഗവ.ഗേൾസ്.എച്ച്.എസ്.ആലപ്പുഴ

# മുഖമൊഴി

ആലപ്പുഴ.....

കിഴക്കിന്റെ വെനീസ്....

കഥകൾ....കലകൾ....കാവ്യങ്ങൾ....

ഒരുപാടുണ്ടു പറയുവാൻ....

എഴുതുവാനും....

കിളിമൊഴി...

മിഴാവ്...

രാജാകേശവദാസ്...

സമരകാഹളങ്ങൾ.....

ജലോത്സവപ്പെരുമ....

തീവണ്ടിയുടെ ചൂളംവിളി....

ഒടുവിലിതാ....

സാങ്കേതിക മികവിന്റെ നേർക്കാഴ്ചകളും....

'Art of Venice' സമർപ്പിക്കുന്നു......

സദയം സ്വീകരിച്ചാലും.......

എഡിറ്റർ.

# തിരികെ വരാത്ത സ്വപ്നം. . .

# പൂർണമാക്കാത്തസ്വപ്നങ്ങളുമായി . .

കണ്ണും തിരുമ്മിക്കൊണ്ടവൾ എഴുന്നേറ്റു. ഇന്നലത്തെ പിറന്നാൾ ആഘോഷത്തിന്റെ തിരക്കുകളുടെ ക്ഷീണത്താൽ അൽപനേരം കൂടുതൽ അവൾ ഉറങ്ങിപ്പോയി. അവളുടെ പേര് "ചിന്നു ".വളരെ സമ്പന്നകുടുംബത്തിലാണ് ജീവിച്ചതെങ്കിലുംമാതാപി താക്കൾ തമ്മിലുള്ള സ്വരച്ചേർച്ചയില്ലായ്മ കാരണംതന്റെഅമ്മയുടെവീട്ടിലാണവൾ .ഇന്നലെഅവളുടെപിറന്നാളായിരുന്നു.അച്ഛൻ എന്ന വ്യക്തിയെ മാത്രം ക്ഷണിക്കാത്ത വലിയ പരിപാടി. അച്ഛന്റെ അനുഗ്രഹമില്ലാത്ത പിറന്നാൾ അവളെ സംബന്ധിച്ച് അത്രനല്ലതായിരുന്നില്ല . അവൾ ആ ആഘോഷത്തിൽ സന്തോഷം അഭിനയിച്ചു. എങ്കിലും ഉള്ളിന്റെ ഒരു കോണിൽ ഒരു വിഷമം പതുങ്ങിയിരുപ്പുണ്ടായിരുന്നു .പെട്ടെന്നതാ ദൂരേയ്ക്ക് നോക്കുമ്പോൾ തന്റെ അച്ഛൻ നടന്നുവരുന്നു. അവൾ

നേരെ മുറ്റത്തേക്കോടി .പക്ഷെ അവൾ അടുത്തെത്തിയപ്പോഴതാഅച്ഛൻഅപ്രത്യക്ഷമായിരിക്കു ന്നു .അവൾ ദുഃഖത്തോടെ അകത്തേക്ക് പോയി. അച്ഛന്റെ ഓർമകളിൽ മുഴുകിയ അവളിൽ മായക്കളിയുമായി ആരോ വന്നതാണോ എന്നവൾ കരുതി. സമ്പന്നതയിൽ അഹങ്കരിച്ചിരുന്നില്ല അവൾ . തന്റെ സുഹൃത്തുക്കളോട് സൗമ്യമായും സ്നേഹമായും പെരുമാറി. അന്ന് ഒരു തിങ്കളാഴ്ച ദിവസമായിരുന്നു. ചിന്നു സ്കൂളിൽ പോവാനായ് ഒരുങ്ങി പുറത്തേക്കിറങ്ങി. വെളിയിൽ കുറച്ച് നേരം കാത്തു നിൽക്കണം സ്കൂളിലേക്ക് പോകാൻ. ദൂരെ തിരക്കുകളോടെ ചീറിപ്പായുന്ന വാഹനങ്ങൾ. അവയോടൊപ്പം തന്നെ വേഗതയേറിയ മനസ്സുമായി സഞ്ചരിക്കുന്ന മനുഷ്യർ...അവൾ തിരക്കുകളിൽ ഏർപ്പെട്ട ആ ജനസമൂഹത്തെ നോക്കി നിന്നു .അപ്പോഴതാ സ്കൂൾ ബസ് വന്നു. കറുത്ത് തടിച്ച് വട്ടമുഖമുള്ള ഒരു സ്ത്രീ ബസ്സിന് മുന്നിലുണ്ടായിരുന്നു. അവർ അവളെ ബസ്സിൽ കയറ്റി. അവൾ അവിടെ ഇരുന്നു. ബസ് വളരെ വേഗത്തിൽ സഞ്ചരിക്കുകയാണ് . ബസ്സിന്റെ വേഗത്തോടൊപ്പം അവളുടെ മനസ്സും സഞ്ചരിക്കുന്നു അനന്തതയിലേക്ക്. അച്ഛന്റെ സ്നേഹത്തിൽ

സ്കൂളിലെത്തിയതു പോലും അവൾ അറിഞ്ഞില്ല. പെട്ടെന്ന് ഒരു കുട്ടി അവളെ വന്ന് തട്ടി. അപ്പോഴാണവൾ സ്വപ്നച്ചിറകിൽ നിന്ന് താഴേക്ക് വന്നത്. അവൾ ബസ്സിൽ നിന്നിറങ്ങി. ക്ലാസ് മുറിയിലേക്ക് നടന്നു. ക്ലാസിൽ കയറിയിരുന്നു. ബെല്ലടിച്ചു ,ടീച്ചർവന്നുക്ലാസെടുത്തു ,ഒന്നുംഅവളറിഞ്ഞില്ല.എപ്പോഴുംഏതോ സ്വപ്നലോകത്താണവൾ. അവളുടെ ഈ പെരുമാറ്റത്തിൽ സംശയം തോന്നിയ ടീച്ചർ അവളെ വിളിച്ച് ചോദിച്ചു. "കുട്ടി, നിന്നിൽ ഞാൻ ഒരു പാട് മാറ്റങ്ങൾ ശ്രദ്ധിക്കുന്നു.കുറേ നാളായി നിന്റെ സ്വഭാവം വളരെ വ്യത്യസ്തമാണ്. നിനക്കെന്തു പറ്റി?”. ടീച്ചറുടെ ആ ചോദ്യം കേട്ടപ്പോൾ ഇത്രയും നാളും മനസ്സിന്റെ അകക്കോണിൽ അവൾ മറച്ചുവെച്ച വികാരങ്ങൾ പുറത്തേക്ക് ഒരു പുഴ പോലെ ഒഴുകി വന്നു . അവൾ വിതുമ്പിക്കരഞ്ഞു കൊണ്ട് പറഞ്ഞു ."എന്റെ അച്ഛൻ "എന്നാൽ ബാക്കി പറയാൻ സാധിക്കാത്ത വിധം അവളുടെ നാവുകൾ നിശ്ചലമായി. ടീച്ചർ വീണ്ടും അവളോട് ചോദിച്ചു, “ നിന്റെ അച്ഛന് എന്താണ് പറ്റിയത് ?”. അവൾ തുടർന്നു, "എന്റെ അച്ഛനും അമ്മയും തമ്മിൽ ഇപ്പോൾ

സംസാരിക്കാറില്ല . ഇന്നലെ എന്റെ പിറന്നാളാഘോഷമായിരുന്നു. എനിക്കു പരിചയമില്ലാത്ത പലരും അവിടെ വന്നു. പക്ഷെ എന്റെ അച്ഛനെ മാത്രം ആരും അവിടേയ്ക്ക് ക്ഷണിച്ചില്ല ടീച്ചർ". "മോള് വിഷമിക്കണ്ട .നിന്റെ അമ്മയോടും അച്ഛനോടും ഞാൻ സംസാരിക്കാം". അവൾ പറഞ്ഞു ,"ആര് സംസാരിച്ചാലും കാര്യമില്ല ; അവർ ഒരിക്കലും സംസാരിക്കില്ല എന്നു തീരുമാനിച്ചു കഴിഞ്ഞു." ഇത്രയും പറഞ്ഞു കൊണ്ടവൾ ക്ലാസ് മുറിയിൽ നിന്നും ഓടിയിറങ്ങി. അവളുടെ ഈറനാർന്ന ആ മിഴികളിൽ കുടുംബ സ്നേഹം നിലനിർത്താൻ ശ്രമിക്കുന്ന മകളുടെ സ്വപ്നമുണ്ടായിരുന്നു. അവളുടെ നിറമിഴികൾ ആ ടീച്ചറുടെ ഹൃദയത്തിൽ ഒരു മുറിവ് പോലെ പതിഞ്ഞു. ടീച്ചർ അപ്പോൾ തന്നെ അവളുടെ മാതാപിതാക്കളെ സ്കൂളിലേക്ക് വരുത്തി. ടീച്ചറുടെ യാതൊരു വാക്കിനും വിലകൽപ്പിക്കാതെ സ്വന്തം സ്വാർത്ഥതയ് ക്കുവേണ്ടി അവളുടെ മാതാപിതാക്കൾ വേർപിരിയും എന്ന നിലപാടിൽത്തന്നെ ഉറച്ചിരുന്നു. അവർ തന്റെ മകളുടെ ഭാവിയെ പോലും മറന്നു. അന്ന് അവൾ വൈകിട്ട് വീട്ടിലെത്തിയപ്പോൾ അതാ വീട്ടിലെ ടേബിളിന് മുന്നിൽ അച്ഛനും അമ്മയും

ഒരുമിച്ചിരിക്കുന്നു. അവൾ ഓടി അവരുടെ അടുത്തേക്ക് ചെന്നു . എന്നാൽ അത് അവൾ പ്രതീക്ഷിച്ചതു പോലുള്ള സന്തോഷത്തിന്റെ കൂടിച്ചേരലായിരുന്നില്ല. ഇരുവരും തമ്മിൽ ഒരിക്കലെങ്കിലും സമാധനത്തോടെ സംസാരിച്ചാൽ തീരുന്ന ആ പ്രശ്നം സമാധനപരമായിത്തീർക്കാൻ ഒരിക്കലും ശ്രമിക്കുന്നില്ല. അവസാനം അമ്മയോട് വഴക്കിട്ട അച്ഛൻ ആ വീട്ടിൽ നിന്നും ഇറങ്ങിപ്പോയി.അവൾ മുറിയിൽ പോയി കതകടച്ചു. എന്നിട്ട് പൊട്ടിക്കരഞ്ഞു കൊണ്ട് കട്ടിലിലേക്ക് കിടന്നു . അവളെക്കൊണ്ട് ഒരിക്കലും മാതാപിതാക്കളെ ഒരുമിപ്പിക്കാൻ സാധിക്കില്ലെന്ന് അവൾക്കറിയാമായിരുന്നു. പിറ്റേ ദിവസം അമ്മ അവൾക്ക് ചായയുമായി മുറിലേക്ക് ചെന്നു . എത്രമുട്ടിയിട്ടും കതക് തുറക്കുന്നില്ല. അമ്മ വളരെ ശക്തിയായി തള്ളിയപ്പോൾ ആ കതക് തുറന്നു വന്നു.മുറിയിലേക്ക് കടന്ന് ചെന്നതും അനക്കമില്ലാതെ മുറിയിൽ കിടക്കുന്ന മകളെയാണ് ആ അമ്മ കണ്ടത്. അവർ ഓടി വന്ന് അവളെ തട്ടിവിളിച്ചു ,"മോളേ എഴുന്നേൽക്ക്.. "അവരുടെ ഒരു വിളിക്കും തന്റെ മകൾ പ്രതികരിക്കുന്നില്ല എന്നറിഞ്ഞ അവർ മകളെ എടുത്തുയർത്തി ആശുപത്രിയിലേയ്ക്ക്


പുറപ്പെട്ടു.മകൾ ആശുപത്രിയിലാണെന്നറിഞ്ഞ് അവളുടെ അച്ഛനും അവിടേയ്ക്ക് ഓടിയെത്തി. അപ്പോഴാണ് അറിഞ്ഞത് മകൾ ഇനി ഒരിക്കലും തിരിച്ചു വരാത്ത വിധത്തിൽ ഉറങ്ങിപ്പോയി എന്ന് . മകളുടെ മരണം മാതാപിതാക്കളുടെ ഇരു ഹൃദയത്തിലും ഒരിടിമിന്നൽ പോലെ വർഷിച്ചു. അവർ കുറച്ചു നേരം സ്തബ്ധരായി നിന്നു. നിറകണ്ണീരുമായി നിശ്ചലമായ മകളുടെ മുഖത്തേക്ക് നോക്കി. അവൾക്ക് ഒപ്പം ഒരുമിച്ചു ചിലവിടാൻ മാതാപിതാക്കൾക്ക് വളരെ കുറച്ച് നാൾ മാത്രമേ കഴിഞ്ഞുള്ളു. അവളിൽ അത്രയും കാലമെങ്കിലും സന്തോഷം നൽകാൻ ആ മാതാപിതാക്കൾക്ക് സാധിച്ചില്ല. അവർ മകളുടെ മുഖത്ത് നോക്കി പൊട്ടിക്കരഞ്ഞു. അവളുടെ സന്തോഷം ,ഇരുവരുമൊന്നിച്ചാസ്വദിക്കാൻ സാധിച്ചില്ലല്ലോ എന്നാലോചിച്ച് അവർ മകളുടെ മുഖത്തേക്ക് നോക്കിയിരുന്നു.മടങ്ങി വരാത്ത ആ പ്രതീക്ഷകളുമായി..........



*ഫിയ സിദ്ദിഖ്*

# പ്രഭാത ഭംഗി

നേത്രങ്ങൾ തുറന്ന ജാലകത്തിൽ നോക്കുമ്പോൾ
ദൂരെ നിന്നു ആ പാട്ടു കേട്ടു ഞാൻ
ആകാശം നിയന്ത്രിച്ച മേഘശകലങ്ങൾ
പൊടിഞ്ഞു അപ്പോളതാ ആ മഴ കണ്ടു ഞാൻ
പക്ഷികൾ കലപില ചിറകിട്ടടിക്കുമ്പോൾ
ചെവി കൂർപ്പിച്ച നിന്നു ആ ശബ്ദം കേട്ടു ഞാൻ.
കുറച്ച കഴിഞ്ഞതാ പൊൻവെയിൽ വന്നു
അമ്മയുടെ ചിരി ശ്രദ്ധിച്ച നോക്കി ഞാൻ.
അപ്പോളിതാ അങ്ങേയറ്റം ഇപ്പോളിതാ
ഇങ്ങേയറ്റം പുഴ ദേവത വേഗത്തിൽ ഒഴുകുന്നു.
പ്രഭാത ഭംഗികൾ കണ്ടു ആകർഷിച്ച
നിന്നപ്പോൾ ഇളം  കാറ്റു വന്നു തഴുകി.
എന്നരികിൽ വന്ന് മെല്ലെ മെല്ലെ വീശി
ഇപ്പോഴിതാ സന്തോഷവതിയായി ഞാൻ.



അസ്ന ഷിഹാബുദ്ദീൻ

# പഴഞ്ചൊല്ലുകൾ

*മിന്നുന്നതെല്ലാം പൊന്നല്ല.

*പയ്യെ തിന്നാൽ പനയും തിന്നാം.

*മൂത്തവർ ചൊല്ലും മുതു നെല്ലിക്ക ആദ്യം കയ്ക്കും പിന്നെ മധുരിക്കും.

*കതിരിൻമേൽ വളം വെച്ചിട്ട് കാര്യമില്ല.

*അണ്ണാൻ മൂത്താലും മരം കേറ്റം മറക്കില്ല.

*അണ്ണാൻ കുഞ്ഞും തന്നാലായത്.

*എലിയെ കൊല്ലാൻ ഇല്ലം ചുടരുത്

*വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും.

*മത്തൻ കുത്തിയാൽ കുമ്പളം മുളക്കില്ല.

*ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട.

*കാണം വിറ്റും ഓണം ഉണ്ണണം.

*ആന വാ പൊളിക്കുന്നത് കണ്ട് അണ്ണാൻ വാ പൊളിക്കരുത്.

*അട്ടയെ പിടിച്ച് മെത്തയിൽ കിടത്തരുത്.

*അറിയാത്തപിള്ള ചൊറിയുമ്പോൾ അറിയും.

*വടി കൊടുത്ത് അടി വാങ്ങരുത്.



ആമിന.കെ

# എന്റെ മോഹങ്ങളാണ്
# എന്റെ ജീവിതം

എന്റെ മോഹങ്ങളാണ്
എന്റെ ജീവിതം
എന്റെ ജീവിതമാണ്
എന്റെ ലക്ഷ്യം


എന്റെ മോഹങ്ങളാകുന്ന
എന്റെ ജീവിതം
എന്റെ ജീവിതമാകുന്ന
എന്റെ ലക്ഷ്യം

സത്യമാക്കുന്ന എന്റെ ജീവിതം
എന്റെ ജീവിതമാകുന്ന
എന്റെ ലക്ഷ്യം
എന്റെ ലക്ഷ്യം സഫലമാക്കാൻ
ഞാൻ സമർപ്പിക്കുന്ന എന്റെ ജീവിതം

എന്റെ ജീവിതത്തിലേക്കുള്ള
എന്റെ പാത
നിത്യം സത്യമാക്കാണമെന്ന
എന്റെ ആശ

സന്തോഷമായ എന്റെ ജീവിതം
എന്റെ ജീവിതമായ
എന്റെ ലക്ഷ്യം
എന്റെ ലക്ഷ്യങ്ങളിലേക്കുള്ള
ഈ യാത്ര എന്നും
എന്നിലുണ്ടാകണം

എന്റെ മോഹങ്ങളാണ്
എന്റെ ജീവിതം
എന്റെ ജീവിതമാക്കുന്ന
എന്റെ ലക്ഷ്യം



ഫാത്തിമ. എ

# ജീവസ്സ്

പിന്നിട്ട കാലത്തിൻ സംസ്കാര ജീവസ്സിൻ
ശേഷിപ്പ തേടി ഞാനൊരു യാത്രയ്ക്കൊരുങ്ങവേ
കൂട്ടിതെൻ സംസ്കാര ജീവാംശംതേടി ഞാൻ
തുണായ തുണിലും തുരുമ്പിലും ആകവേ
ഏകനാം എന്നെ നെഞ്ചോട്ടു ചേർക്കുവാൻ
ഇരുട്ടൻ കൈകൾ മാത്രം നീളുന്നു
ആ കൈകളിൽ കിടന്നു വിങ്ങി മരിക്കാതെ
ഞാൻ മാത്രം തനിയെ ഇരുട്ടിനെ തുരക്കുന്നു.
കണ്ടു ഞാൻ പാശ്ചാത്യ സംസ്കാര കോട്ടയിൽ
എൻ സംസ്കാര ജീവസിൻ ചിതയെരിയുന്നത്
ആ ചിതയിൽ നിന്നും ഒരു നുള്ള് ഭസ്മം
നെഞ്ചിൽ തൊട്ടെൻ ആത്മാവിൽ വാങ്ങവേ
അറിയുന്നു സംസ്കാര പുനർജന്മ കൊടും കാറ്റായ്
ഈ ഭാരത മണ്ണിലൂടാകവേ വീശും ഞാൻ
ഈ പാശ്ചാത്യ സംസ്കാര കോട്ട തകർക്കും ഞാൻ.

ദേവയാനി ആർ കൃഷ്ണ



# പെയ്യാത്ത മേഘങ്ങൾ

വളരെ വർഷങ്ങൾക്കു മുമ്പ് ചന്ദ്രന്റെ ജീവിതത്തിൽ നടന്ന ഒരു സംഭവമാണിത്. ചന്ദ്രനും അവന്റെ സഹോദരങ്ങളും വളരെ ദാരിദ്ര്യത്തിലാണ് കഴിഞ്ഞിരുന്നത്. ഇടിഞ്ഞു വീഴാറായ ഒരു കുടിലിലാണ് അവരുടെ താമസം. ആഹാരത്തിനു പോലും ബുദ്ധിമുട്ട് ഉണ്ടായിരുന്ന കാലം... ഒരു ദിവസം ചന്ദ്രൻ ജോലി കഴിഞ്ഞ് വന്ന് കിണറ്റിൻ കരയിൽ കുളിച്ചു കൊണ്ടിരുന്നപ്പോഴാണ് കിണറിന്റെ തിട്ട ഇടിഞ്ഞു കിടക്കുന്നത് ശ്രദ്ധിക്കുന്നത്. ആഹാരം പോലും കഴിക്കാനില്ലാതെ വിഷമിക്കുമ്പോൾ എങ്ങനെയാണ് ഈ തിട്ട കെട്ടുന്നതെന്ന് അവൻ ആലോചിച്ചു. അപ്പോഴാണ് അടുത്ത വീട്ടിൽ പണി നടക്കുന്നത് ചന്ദ്രന്റെ

ഓർമ്മയിൽ വന്നത്. കുളികഴിഞ്ഞ് ഉടൻ തന്നെ അവൻ ആ വീട്ടിൽ പോയി കുറച്ച് സിമന്റ് തരാമോയെന്ന് ചോദിച്ചു. അവർ തരാമെന്ന് സമ്മതിക്കുകയും ചെയ്തു . പിറ്റേ ദിവസം തന്നെ ചന്ദ്രൻ കിണറിന്റെ ഇളകി കിടന്ന തിട്ട ഇടിച്ച നികത്തി. സിമന്റിനായി ആ വീട്ടിൽ ചെന്നപ്പോൾ അവർ സിമന്റ് നൽകിയില്ല. വളരെ സങ്കടത്തോടെ ചന്ദ്രൻ തിരിച്ച വീട്ടിൽ പോയി. ഇത കേട്ടപ്പോൾ "മേഘത്തെ കണ്ട് കുടംചെരിക്കരുത് "എന്ന് അമ്മ പറഞ്ഞു. ആകാശത്ത കാണപ്പെടുന്ന എല്ലാ മേഘങ്ങളും പെയ്യില്ല. മഴ പെയ്യുന്നതിന മുമ്പ് കുടത്തിലവശേഷിച്ച വെള്ളം കമഴ്ത്തുന്നത് വിഡ്ഢിത്തമാണ്.


ഗുണപാഠം:- ഏത കാര്യം ചെയ്യുന്നതിനുമുമ്പും അതിന്റെ ഫലത്തെക്കുറിച്ച് ചിന്തിക്കണം .



ദേവി.ജെ

# ഒരു നേർത്ത കനവു പോലെ

ഒരു ചെറു പനിനീർ പൂവ് പോലെ
അന്ന് നീ എന്നെ വന്ന് തലോടിയപ്പോൾ
അറിയാതെ ഞാൻ നിന്നിലേക്കലിഞ്ഞുപോയി
നിന്റെ ആർദ്ര സ്പർശനത്തിൽ മുഴുകിപോയി
എന്റെ സന്തോഷങ്ങളിൽ നീ ചിരിച്ചു
എന്റെ ദുഃഖങ്ങിൽ നീ കരഞ്ഞു
നീ എന്നോട് എന്തെല്ലാം പറഞ്ഞുവോ
അതൊക്കെ ഞാൻ ശ്രദ്ധിച്ചു കേട്ടു
എന്നിട്ടും എന്തിനു സുഹൃത്തേ
നീ എന്നെ തനിച്ചാക്കി?



ഗോപിക.പി.എ

# സ്ത്രീ സമത്വം

ഇന്നത്തെ സമൂഹത്തിൽ സ്ത്രീകളും പുരുഷന്മാരും സമന്മാരാണ് എന്ന് പറയുമ്പോഴും ഒരുപാട് മേഖലകളിൽ നിന്ന് സ്ത്രീകളെ മാറ്റിനിർത്തുന്നുണ്ട്. അല്ലെങ്കിൽ അവർ സ്വയം മാറിനിൽക്കുന്നു.എല്ലാ മേഖലകളിലും സ്ത്രീകളുടെ സജീവസാന്നിദ്ധ്യം ഉണ്ടോ എന്ന ചോദ്യത്തിന് ഉത്തരം പറയുക ബുദ്ധിമുട്ടാണ്.എങ്കിലും ചില സ്ത്രീകൾ എതിർപ്പുകൾ അവഗണിച്ച് മാറ്റി നിർത്തിയിരുന്ന മേഖലകളിലേക്ക് ധൈര്യപൂർവ്വം കടന്നുചെല്ലുന്നുണ്ട് .പുരാതനകാലം മുതൽതന്നെ സ്ത്രീകളെ പലകാര്യങ്ങളിൽനിന്നുംഒഴിവാക്കിനിർത്തിയിരുന്നു .സതി,ശൈശവവിവാഹം,പെൺ ശിശുഹത്യ പോലുള്ള അനാചാരങ്ങൾ പണ്ടുകാലത്ത് നിലനിന്നിരുന്നു.ഇത് സ്ത്രീകൾക്ക് നേരെയുള്ള അസമത്വ ത്തിന്റെയും അനീതിയുടേയും മുഖമാണ് വെളിപ്പെടുത്തുന്നത്.സ്ത്രീകൾക്ക് ഇന്നത്ത സമുഹം ഒരുപാട് സ്വാതന്ത്ര്യം ഉറപ്പുനൽകുന്നുണ്ട്.പണ്ടുകാലത്തെ സ്ത്രീകൾക്കു നേരേ

നടന്നിരുന്ന നീതികേടുകൾക്കെതിരെ പിൽക്കാലത്ത് നിരവധി പരിഷ്ക്കരണ പ്രസ്ഥാനങ്ങൾ ഉദയം കൊണ്ടു. സ്ത്രീ സമത്വം എന്ന ആശയം ലോകത്തിന്റെ മുക്കിലും മൂലയിലും എത്തിക്കാൻ കഴിഞ്ഞു.

എന്നാൽ സ്ത്രീക്കും പുരുഷനും തുല്യ അവകാശം എന്നതിനെ പലരും പരസ്പരം ശത്രുത തീർക്കാനുള്ള ഒരുപാധിയായും കണക്കിലെടുക്കുന്നുണ്ട്.സ്ത്രീകളുടെ അവകാശങ്ങളിൽ ഏറ്റവും കൂടുതൽ ചർച്ചചെയ്യപ്പെടുന്നത് വസ്ത്രധാരണ രീതിയാണ്.പാശ്ചാത്യ നാടുകളിലെ വസ്ത്രം ധരിക്കാൻ ഇഷ്ടപ്പെടുന്ന ഒരുപാട് സ്ത്രീകൾ ഉണ്ട്.അവർക്ക് അവരുടേതായ ഇഷ്ടം നടപ്പാക്കാനുള്ള സ്വാതന്ത്ര്യം ഭരണഘടന ഉറപ്പനൽകുന്നുമുണ്ട്.എന്നാൽ പാശ്ചാത്യ വേഷം ധരിച്ചതുകൊണ്ട് മാത്രം സ്ത്രീ സമത്വം എന്നത് പൂർണമാകുമോ? സ്ത്രീകളുടെ വസ്ത്രധാരണമാണ് സമൂഹത്തിൽ സ്ത്രീകൾക്കുനേരെയുള്ള പീഡനങ്ങൾക്കു കാരണമെന്ന് പറഞ്ഞ് സ്ത്രീകളുടെയും പെൺകുട്ടികളുടെയും ഇഷ്ടങ്ങളെ വിലക്കികൊണ്ട് കുടുംബത്തിന്റെ ഇഷ്ടങ്ങൾ നടപ്പാക്കുന്നു.ഓരോ അച്ഛനമ്മമാരും പെൺകുട്ടികളെ ഒറ്റയ്ക്ക് പുറത്തുവിടാൻ

ഭയക്കുന്നു.എന്നാൽ ആൺകുട്ടികളെ എവിടെയും ഏതു സമയത്തും അയയ്ക്കാൻ അവർക്ക് പേടിയില്ല.ഇതും സ്ത്രീകൾക്കും പുരുഷനും തുല്യ നീതി എന്നതിന് വിള്ളലേൽപ്പിക്കുന്നുണ്ട്.തൊഴിൽ മേഖലകളിലും സ്ത്രീകൾക്കും പുരുഷന്മാർക്കും വ്യത്യസ്ത കൂലി എന്ന സമ്പ്രദായം നിലനിന്നിരുന്നു.എന്നാൽ ഇന്ന് അത് മാറി കഴിഞ്ഞിട്ടുണ്ട്.ഓരോരുത്തരുടേയും ജോലിക്കനുസരിച്ചുള്ള കൂലിഎന്നത് ഉറപ്പാക്കിയിട്ടുണ്ട്.സ്ത്രീകളുടെ അവകാശങ്ങൾക്കും നീതിക്കും വേണ്ടി ഒരുപാട് സ്ത്രീകൾ മുന്നോട്ട് വന്നിട്ടുണ്ട്.രാഷ്ട്രീയ മേഖലയിലും സ്ത്രീ സാന്നിദ്ധ്യം അന്നും ഇന്നും കുറവാണ്.ആദ്യ ലോക് സഭയിൽ 23 സ്ത്രീ പ്രതിനിധികളാണ് ഉണ്ടായിരുന്നത്. എന്നാൽ ഇപ്പോൾ 60 വർഷം കഴിഞ്ഞിട്ടും 59 സ്ത്രീ പ്രതിനിധികളാണുള്ളത്.

ഇന്നത്തെ സമൂഹത്തിൽ നടന്നുകൊണ്ടിരിക്കുന്ന ഏറ്റവും വലിയ പ്രശ്നമാണ് സ്ത്രീ-പുരുഷസമത്വം.പുരുഷനു നൽകുന്ന എല്ലാ അവകാശങ്ങളും അനുഭവിക്കാൻ സ്ത്രീയ്ക്കും തുല്യ അവകാശമുണ്ട്.ശബരിമലയിൽ സ്ത്രീ പ്രവേശനം അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ഒരുപാട്

സ്ത്രീകൾ മുന്നോട്ടുവരുകയും സ്ത്രീ പ്രവേശനം നേടിയെടുക്കുകയും ചെയ്തു.എന്നാൽ വർഷങ്ങളായുള്ള ആചാരങ്ങളെ എതിർത്തുകൊണ്ട് നേടിയെടുത്ത ഈ അവകാശത്തോട് എനിക്ക് യോജിക്കാനാവില്ല.കേരളത്തിലെഭ്രരിഭാഗംസ്ത്രീകളും ഇത് അംഗീകരിക്കുന്നുമില്ല.ഇങ്ങനെ സ്ത്രീസമത്വം എന്നത് ഇനിയും നേടിയെടുക്കാൻ ഒരുപാട് ഉണ്ടെന്ന്

,

വാദിക്കുന് ആളുകൾപറയുന്നസ്ത്രീയെന്നുംപുരുഷനെന്നു മുള്ള വേർതിരിവില്ലാത്ത സമൂഹത്തിനായികാത്തിരിക്കാം.



കാവ്യ.ബി

# സൗഹൃദം

ആഗസ്റ്റ്- 6 ലോകമെമ്പടുമുള്ള സുഹൃത്തുക്കൾ സൗഹൃദ ദിനം ആഘോഷിക്കുന്നു.

എന്താണ് സൗഹൃദം?

വ്യക്തികൾ തമ്മിലുള്ള ഊഷ്മള ബന്ധങ്ങളെയാണ് സൗഹൃദം എന്ന് വിളിക്കാറുള്ളത്. മനുഷ്യൻ ഒരു സാമൂഹിക ജീവി എന്ന നിലയ്ക്ക് നല്ല സൗഹൃദ ബന്ധങ്ങൾ ജീവിതത്തിൽ സന്തോഷവും ആനന്ദവും പ്രദാനം ചെയ്യുന്നു.കൊച്ചുകുട്ടികളിൽ നിന്ന് തുടങ്ങി വാർദ്ധക്യത്തിലെത്തി നിൽക്കുന്നവർക്ക് വരെ സുഹൃത്ത് ബന്ധങ്ങൾ ഒഴിച്ചു കൂടാൻ ആവാത്തത് അത് കൊണ്ടാണ് . പുരുഷൻമാർ പര്സപരവും സ്ത്രീകൾ പര്സപരവും സ്ത്രീകളും പുരുഷൻമാരും തമ്മിൽ സൗഹൃദ ബന്ധങ്ങൾ ഉണ്ടാവറുണ്ട്.

എല്ലാത്തിലും മിതത്വം അനിവാര്യമണെന്ന പോലെ സൗഹൃദങ്ങളിലും ഇത് സ്വീകരിക്കാവുന്നതാണ് .

കൂട്ടുകാർ ,സുഹൃത്ത്,സഖി എന്നിങ്ങനെ എത്രയോ വാക്കുകൾക്കൊണ്ടാണ് നാം സൗഹൃദത്തെ വിവരിക്കുന്നത്. ഒരു സുഹൃത്ത് നമ്മെ അച്ഛനെപ്പോലെ വഴക്കു പറയും അമ്മയെപ്പോലെ ലാളിക്കും ഒരു നല്ല സുഹൃത്ത് നമ്മുടെ ജിവിതത്തിൽ ഒരു വഴികാട്ടിയാകുന്നു . ഇന്നത്തെ സമൂഹത്തിൽ സുഹൃത്തുക്കളുടെ പ്രാധാന്യം ഏറിവരികയാണ് . ഇന്ന് നമ്മിൽ പലരും ഏറെ സമയവും സുഹൃത്തുക്കൾക്കൊപ്പം പങ്കിടുവാൻ ആഗ്രഹിക്കുന്നു .

സുഹൃത്തുക്കൾ ജീവിതത്തിലെ ഏറ്റവും വലിയ നിധിയാണ് അവരെ ഒരിക്കലും തള്ളിക്കളയരുത്.

നമ്മൾ ചിലപ്പോളെങ്കിലും വേദനിപ്പിക്കുകയും വലിച്ചെറിയുകയും ചെയ്യുവരായിരിക്കാം ജീവിത അവസാനം വരെ നമ്മുടെ കൂടെയുള്ള സുഹൃത്ത്. കാണുന്ന സ്വപ്നമല്ല സൗഹൃദം .... നക്ഷത്രങ്ങളിൽ

കാണുന്ന പ്രകാശമല്ല സൗഹൃദം.....ആഗ്രഹിക്കാത്ത നേരത്ത് വന്നു ചേരുന്ന സൗഭാഗ്യമാണ് സുഹൃത്ത് .നഷ്ടപ്പെട്ടാൽ തിരിച്ചെടുക്കാൻ കഴിയാത്ത നിധിയാണ് സൗഹൃദം .

നമ്മുടെ എല്ലാ രഹസ്യങ്ങളും നമുക്ക് യാതൊരു സംശയവുമില്ലാതെ പങ്കുവയ്ക്കാൻ കഴിയുന്ന ഒരാൾ , ഞങ്ങൾ അവരെ വിശ്വസിക്കുന്നു . അവർക്ക് പ്രധാനപ്പെട്ട വ്യക്തിത്വം കണ്ടെത്തുന്നു . യഥാർഥ സുഹൃത്തുക്കൾ ഉള്ള ആത്മാക്കൾ ഭാഗ്യവാന്മാർ.

ഒരിക്കലും വാടാത്ത പൂ പോലെ ....ആരും പറയാതെ കഥ പോലെ.... ഇതു വരെ കാണാത്ത സ്വപ്നം പോലെ..... എന്നും എപ്പോഴും മായാതെ നിൽക്കട്ടെ നമ്മുടെ സൗഹൃദം.



പാർവ്വതി ചന്ദ്രൻ

# ജീവിത ശൈലിരോഗങ്ങൾ

ജീവിത ശൈലി മാറ്റൂ; ആരോഗ്യം കൂടെ വരും.പാലിക്കാം ആരോഗ്യ ഭക്ഷണശീലം.ആരോഗ്യവതിയാകാൻ 25 സിംപിൾ ടിപ്സ്.അഞ്ച് ആരോഗ്യ ശീലങ്ങൾ ജീവിതശൈലിരോഗങ്ങൾക്കും ഒറ്റമൂലികൾ ഫാസ്റ്റ് ഫുഡ് ആന്റീബയോട്ടിക്കുകൾ നിങ്ങളെ പൊണ്ണത്തടിയനാക്കും.അറിഞ്ഞ് കഴിച്ചില്ലെങ്കിൽ അധികം നാൾ കഴിക്കേണ്ടി വരില്ല.എങ്ങനെ ഇത്രയും കഴിക്കാൻ പറ്റുന്നു.ജീവിതശൈലി മാറ്റൂആരോഗ്യം കൂടെ വരും.യൗവനത്തിൽ സ്ത്രീ ശരീരത്തിന് സംരക്ഷണം കിട്ടുന്നുണ്ട്.യൗവനം കഴിഞ്ഞാലും അതു കിട്ടുമെന്ന വിശ്വാസത്തിൽ ജീവിത ശൈലിയിൽ മാറ്റമൊന്നും വരുത്താറില്ല.

ജീവിതശൈലി രോഗങ്ങൾ തങ്ങളെ ബാധിക്കുന്നതല്ല.ഹൃദ്രോഗമോ? പ്രമേഹമോ? അതൊക്കെ പുരുഷന്മാർക്കു വരുന്ന

രോഗങ്ങളല്ലേയെന്ന് ചിന്തിച്ചിരുന്നു.എന്നാലിപ്പോൾ കണക്കുകൾ പറയുന്നത് കേരളത്തിൽ ജീവിതശൈലിരോഗങ്ങൾ വർധിക്കുന്നതിന്റെ നിരക്ക് പുരുഷന്മാരെക്കാൾ കൂടുതൽ സ്ത്രീകൾക്കാണെന്നാണ്.ഹൃദ്രോഗത്തിന് കാരണമായി പുകവലി മദ്യപാനം ഉൾപ്പടെയുള്ള ദുശ്ശീലങ്ങൾ പുരുഷന്മാരിൽ ആരോപിക്കുമ്പോഴാണ് ജീവിതശൈലിരോഗങ്ങൾ കാര്യമായിട്ടില്ലാത്ത സ്ത്രീകൾ ഹൃദ്രോഗത്തിന് അടിമപ്പെടുന്നത് എന്ന കാര്യം ഓർക്കുക

ജീവിതശൈലി രോഗങ്ങൾ തടയാനുള്ള മാർഗങ്ങൾ

*നല്ല ഭക്ഷണം കഴിക്കുക.

*സസ്യാഹാരം മാത്രം കൂടുതൽ കഴിക്കുക.

*ആവ്യശത്തിന് മാത്രം കഴിക്കുക.

*നമ്മുടെ ഭാരം കുറയ്ക്കുക.

ഒരു തരം ഡയബറ്റിക്ക് രോഗം ഉണ്ട്.അതിൽ ഡയബറ്റിക്ക് കൂടുതൽ നമ്മുടെ സിറ്റിയിൽ നിന്ന് ഉണ്ടാകുന്നു.ഹൃദയത്തിനു കുഴപ്പം,വൃക്കയ്ക്കു കുഴപ്പം അല്ലെങ്കിൽ രക്തക്കുഴലിന്.ഇങ്ങനെയുള്ള പല പല രോഗങ്ങൾ നമുക്ക് തടയാം.

ജീവിത ശൈലി രോഗങ്ങൾ

*പ്രമേഹം

*കൊളസ്ട്രോൾ

*രക്തസമ്മർദം

*അമിതഭ്രതം

## കാരണങ്ങൾ

ആഹാര രീതിയിലെ മാറ്റം തിരുത്തുക.എണ്ണയിൽ വറുത്തതും പൊരിച്ചതുമായ ഭക്ഷണ വസ്തുക്കളുടെ അമിതോപയോഗം മാംസാഹാരത്തോടുള്ള അഭിനിവേശം,ജോലിതിരക്കിനിടയിൽ ഭക്ഷണം ഒഴിവാക്കൽ,ഒന്നിച്ച് പാചകം ചെയ്ത് സൂക്ഷിക്കുന്ന ഭക്ഷണം വീണ്ടും ചൂടാക്കി ഉപയോഗിക്കുന്നത്,ഫാസ്റ്റ് ഫുഡ് ഉപയോഗം,ബേക്കറി ഉപയോഗങ്ങളുടെ അമിതോപയോഗം,പ്രിസർവേറ്റിവുകൾ ചേർത്ത ഭക്ഷ്യവസ്തുക്കൾ,നിറവും മണവും ലഭിക്കാൻ കൃത്രിമ രാസവസ്തുക്കൾ,പഞ്ചസാര,ഉപ്പ്,മൈദ എന്നിവയുടെ അമിതമായ അളവ്,പഴവർഗ്ഗങ്ങളുടെയും പച്ചക്കറികളുടെയും ഉപയോഗക്കുറവ്,പുകവലി,മദ്യപാനം എന്നിവ.അജിനാമോട്ടോ പോലുള്ള രാസവസ്തുക്കൾ രുചി കൂട്ടുന്നതിനാൽ ഭക്ഷണം

അമിതാഹാരത്തിലേക്ക് നയിക്കുന്നു.ഇത് പൊണ്ണതടിയുണ്ടാക്കുന്നു.

പരിഹാരം

* ഫാസ്റ്റ് ഫുഡ് ഒഴിവാക്കുക.
* മാംസാഹാരം മിതമാക്കുക.
* പഴങ്ങളും പച്ചക്കറികളും കൂടുതലായി ഉപയോഗിക്കുക.
* നാരുള്ള ഭക്ഷ്യ വസ്തുക്കൾ ഉപയോഗിക്കുക.
* ശരീരത്തിനും മനസ്സിനും ഉന്മേഷം നൽകുന്ന വിനോദങ്ങളിൽ ഏർപ്പെടുക.
* ധ്യാനം,യോഗ,സംഗീതം,നല്ലരചനകളുടെ വായന തുടങ്ങിയവ ഒരു ശീലമാക്കുക.
* നല്ല സുഹൃത്ത് ബന്ധങ്ങൾ ഉണ്ടാക്കുക.
* കുടുംബ ബന്ധങ്ങൾ ഉണ്ടാക്കുക



സബീന ഇക്ബാൽ

# അമ്മ

എൻപിഞ്ചു കൈകൾ കോർത്തുപിടി-
ച്ചെന്നെ വാരിപ്പുണരുമെന്നമ്മ.
കുഞ്ഞിക്കണ്ണു നിറഞ്ഞൊഴുകുമ്പോൾ
അമ്മ തൻ മൃദുലമാം കൈകൊണ്ടെൻ
കണ്ണീരൊപ്പും.

സന്ധ്യയ്ക്കു   തുളസിത്തറയിൽതെളിയുന്ന
തിരിതൻ പ്രകാശമാണമ്മ.
വാടിത്തളർന്നു ഞാൻ ഓടിയടുക്കുമ്പോൾ
വാരി ഒരുരുള തരുമെൻ അമ്മ.

അമ്മിഞ്ഞപ്പാൽ വെണ്മപോലെ
നന്മ നിറയുന്ന സ്നേഹനിധിയമ്മ.
എൻ കൊച്ചു വയറുനിറയ്ക്കുവാൻ
അമ്മ ഒരു നേരം പട്ടിണി കിടന്നിരുന്നു.
മഞ്ഞുള്ള രാത്രിയിൽ കെട്ടിപ്പിടിച്ചെന്നെ

താരാട്ടു പാടി ഉറക്കിടുന്നു.

എൻ കൊച്ചു നോവുകൾ അമ്മതൻ
ചിരിയിൽ അറിയാതലിഞ്ഞിടുന്നു.
നിറനിലാ പൊയ്കയിൽ നറുചിരി
തൂവുന്ന നറുമലരാമെന്റെ അമ്മ.
എൻ പിഞ്ചുകൈകൾ കോർത്തു
പിടിച്ചെന്നെ വാരിപ്പുണരുമെന്നമ്മ.



കാവ്യ.ബി

# സന്തോഷത്തിന്റെ കിളിവാതിൽ

വരട്ടാറിന്റ തീരത്ത് പിശാരിക്കാവിൽ ഒരു കൂട്ടം ജനങ്ങൾ താമസിച്ചിരുന്നു.അവരിൽ പ്രധാനപ്പെട്ട രണ്ടു വീടുകളാണ് അമ്മുവിന്റെ വീട്ടും,അപ്പുവിന്റെ വീട്ടും.ഈ രണ്ടുവീട്ടുകാരും കുടിയേറി പാർത്തവരാണ്.അപ്പുവിന് ഏതാണ്ട് എട്ടു വയസ്സ്.അമ്മുവിനും അത്രയും വയസ്സുതന്നെ.രണ്ടു പേരും ഒരേ സ്കൂളിൽ തന്നെയാണ് പഠിക്കുന്നത്.പാവപ്പെട്ട വീട്ടുകാരാണ് അപ്പുവിന്റെ.എന്നാൽ പണമുള്ള വീട്ടിലെ കുട്ടിയാണ് അമ്മു.അപ്പുവിന്റെവീട്ടിൽ അമ്മയും,അച്ഛനും,അമ്മുമ്മയും പിന്നെ അപ്പൂപ്പനും ഉണ്ട്.അമ്മുമ്മയും,അപ്പൂപ്പനും കിടപ്പിലാണ്.അച്ഛനാണെങ്കിൽ ഒരു കാലിന്റെ പകുതിയെ ഉള്ളു.പണ്ട് അവന്റെ അച്ഛൻ ജോലി ചെയ്തുകൊണ്ടിരിക്കെ അവിടുന്നു വീണു.അങ്ങനെ ഒരു

കാലിന്റെ പകുതിമാത്രമേയുള്ളു.അദ്ദേഹവും കിടപ്പിലാണ്.പിന്നെ ആ പാവം അമ്മ മാത്രമാണ്.അവനാണ് ആ കുടുംബത്തെ നോക്കുന്നത്.അവൻ ചെറിയ ചെറിയ പണികൾ ചെയ്യും.പലപ്പോഴും പോകുകയില്ല.ബസ്സുകയറി വേണം സ്കൂളിൽ പോകാൻ.അതിനുള്ള പണം പോലുമവന്റെ കൈയ്യിൽ ഇല്ല.ഇപ്പോൾ തന്നെ എല്ലാ ഭാരവും ആ കുഞ്ഞിന്റെ തലയിൽ ആണ്.ഇവർ ഇപ്പോൾ കുടിയേറി പാർത്തിട്ടു 100 വർഷമായെന്നു തോന്നുന്നു.അവർ താമസിക്കുന്ന ഭൂമി

അവരുടേതല്ലായിരുന്നു.അവിടെ പണ്ട് താമസിച്ചിരുന്നവരുടെ ഭൂമിയാണ് ഇത്.പണ്ട്

യുദ്ധത്തിൽ അവർ ഇവിടുന്നു

പോയതാണ്.ഇതുവരെയായിട്ടും അതിന്റെ ഉടമസ്ഥർ വന്നിട്ടില്ല.അങ്ങനെ എല്ലാവരുടെയും സമ്മത പ്രകാരമാണ് അവർ അവിടെ

താമസിക്കുന്നത്.എന്നാൽ,ഇങ്ങനെ ഒന്നുമല്ല അമ്മുവിന്റെ വീട്ടുകാർ.ആ നിമിഷം തന്നെ 5 സെന്റ്

ഭൂമി വാങ്ങിച്ചു.അമ്മു വലിയ വീട്ടിലാണ്
താമസിക്കുന്നത്.അവർക്ക് നല്ല പണവുമുണ്ട്.

സഞ്ജന വി പി



# കുസൃതിചോദ്യങ്ങൾ

*അച്ഛൻ തന്ന വെൺ പട്ട് ഉടുത്തിട്ടും മുക്കീട്ടും തീരുന്നില്ല

-ആകാശം

*അമ്മയെ ഉമ്മവെച്ച മകൻ വെന്തു മരിച്ചു

-തീപ്പെട്ടിക്കൊള്ളി

*അവനൊരു കുഞ്ഞൻ,ലോകത്തുള്ളറിവുകൾതൻ കുമ്പാരം

-പുസ്തകം

*അട്ടത്തൊരു കുട്ടിച്ചാത്തൻ അങ്ങോട്ടുമിങ്ങോട്ടുമോടുന്നു

-എലി

*അകന്നു നിന്നു നോക്കി കാണും കണ്ടതെല്ലാം ഉള്ളിലാക്കും

-ക്യാമറ

*അമ്മ കുരുമുരുക്കനെ മകൾ മിനുമിനുക്കനെ

-ചക്ക

*അവിടെ കണ്ടു ഇവിടെ കണ്ടു പിന്നെ കണ്ടില്ല

-മിന്നൽ

*അകത്താവശ്യം

,പുറത്തത്യാവശ്യം,കിടക്കുമ്പോളനാവശ്യം

-ചെരുപ്പ്

*ഇട്ടാലുടയാത്ത ഇംഗ്ലീഷ് മുട്ട

-പഞ്ഞി

*നിറമേഴുള്ളൊരു പൂമൊട്ട്,നീളമെഴുന്നൊരു പൂമൊട്ട്,
കൈയ്യിലിരിക്കും പൂമൊട്ട്,ഞെട്ട് തിളങ്ങും പൂമൊട്ട്,
മാനത്തെങ്ങാൻ മഴ കണ്ടാൽ താനേവിടരും പൂമൊട്ട്

-മഴവില്ല്

*നാഴിനിറയെ മുല്ലമൊട്ട്

-പല്ല്

*പച്ചയ്ക്കൊരുകെട്ട്,ചുട്ടാലൊരു കൊട്ട

-പപ്പടം

*പൊക്കിളിൽ തൊട്ടാൽ മിഴിതുറക്കും

-ടോർച്ച്

*വട്ടത്തിൽ ചവട്ടിയാൽ നീളത്തിലോടും

-സൈക്കിൾ

*മാനത്തെമുട്ടയ്ക്ക് ഞെട്ടില്ല -ചന്ദ്രൻ



ഷെസ്ന.എസ്

# ഇതോ . . . പുരോഗമനം?

എരിയുന്ന അഗ്നികുണ്ഡങ്ങൾക്ക മുമ്പിൽ പ്രാകൃതവും താളാനുസൃതവും ആയി നൃത്തം ചെയ്തിരുന്ന മനുഷ്യൻ നമ്മുടെ പൂർവ്വികനാണ്.ആ പ്രാകൃത മനുഷ്യനിൽ നിന്നും ഇന്നത്തെ ആധുനിക മനുഷ്യനിലേക്കുള്ള ദൂരം കുറച്ചൊന്നുമല്ല.പ്രാചീന മനുഷ്യർ വിവസ്ത്രരായി,കായ് കനികൾഭക്ഷിച്ച്,മൃഗങ്ങളെ

വേട്ടയാടിയിരുന്നു.കാലത്തിന്റെ കുത്തൊഴുക്കിൽ മാനസികമായും ബൗദ്ധികമായും ഉയർന്ന് ഇന്ന് ശാസ്ത്രത്തിന്റേയും അതിലൂടെ ഉന്നത ജീവിത സൗകര്യങ്ങളുടേയും പടവുകൾ താണ്ടുമ്പോൾ,ഒരു നിമിഷം ചിന്തിച്ചാൽ നാം യഥാർത്ഥത്തിൽ പുരോഗമനപാതയിലായിരുന്നോ.?

സാംസ്കാരികതയിലുള്ള ആ അധഃപതനം വളരെ ദൃശ്യമാണ്. ഭാരതീയ സംസ്കാരം സമാധാനത്തിലും സത്യത്തിലും ലാളിത്യത്തിലും സ്നേഹത്തിലും അതോടൊപ്പം പ്രകൃതിയേയും സ്ത്രീയേയും ആദരിക്കുന്നതിലും അടിയുറച്ചതാണ്.ഒരു

കാലത്ത് പാശ്ചാത്യർ പോലും ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്ന ഈ സംസ്കാരം ഇന്ന് വികൃതമായി കൊണ്ടിരിക്കുകയാണ്.ടെലിവിഷനും സിനിമയും ഉൾപ്പടെയുള്ള സമൂഹമാധ്യമങ്ങൾ എല്ലാം അപചയത്തിന് വഴിയൊരുക്കുന്നു. സ്ത്രീയെ സംബന്ധിച്ച പാരമ്പര്യാവബോധങ്ങൾ തകർത്തുടച്ചാഹ്ലാദിക്കുകയാണ് ഇന്നത്തെ തലമുറ.ഓരോ ശ്വാസത്തിലും ആർഷ ഭാരത സംസ്കാരത്തിന്റെ മാഹാത്മ്യം ഉദ്ഘോഷിച്ചിരിക്കുന്ന നമ്മൾ ഒരു ആത്മപരിശോധനയ്ക്ക് തയ്യാറാകേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

സാധാരണക്കാരുടെ ജീവിതത്തെ ഏറ്റവും അധികം സ്വാധീനിക്കുന്ന ഒന്നായി വാട്സാപ്പും ഫേസ്ബുക്കും മാറുവാൻ അധികനാൾ വേണ്ടിവന്നില്ല.ജനങ്ങളുടെ മനസ്സിൽ അസ്വസ്ഥതയുടെ വിത്ത് പാകുവാനും ജീവിതത്തിന്റെ താളം തെറ്റിക്കുവാനും ഇവയ്ക്കുള്ള പങ്ക് കുറച്ചൊന്നുമല്ല.ഇവ ഇന്നത്തെ സമൂഹത്തിൽ ഭീകരമായ സാംസ്കാരികമലിനീകരണത്തിന്റെ ബാക്കിപത്രങ്ങളായി,ദിശാബോധവും ആത്മവിശ്വാസവും നഷ്ടപ്പെട്ട കുറെ മനസ്സുകളെ

മാത്രം സൃഷ്ടിക്കുന്നു.

ജാതിമത വർഗീയ ഭ്രാന്തുകളാൽ അമ്മാനമാടപ്പെടുന്ന ഇന്നത്തെ ജനത ഭൂമിയെ രക്തക്കളമാക്കുന്നു. നൈജീരിയ,സിറിയ, അഫ്ഗാനിസ്ഥാൻ പോലുള്ള വിദേശരാജ്യങ്ങളിൽ നടക്കുന്നത് എന്തൊക്കെയാണെന്ന് നമുക്ക് അറിയാം.എന്തിന് നമ്മുടെ ഇന്ത്യയിൽ തന്നെ പല സംസ്ഥാനങ്ങളും ജാതീയമായ ഉച്ചനീചത്വങ്ങൾക്കും സ്ത്രീപുരുഷ വിവേചനങ്ങൾക്കും സാക്ഷ്യം വഹിക്കേണ്ട സാഹചര്യമാണ് നിലവിലുള്ളത്.ഭരിക്കുന്നവരും ഭരിക്കപ്പെടുന്നവരും വിവേചനരാഹിത്യത്തോടെ പെരുമാറിയാൽ മാത്രമേ ശാന്തിയും സമാധാനവും ഉണ്ടാവുകയുള്ളൂ.

മറ്റനാട്ടുകളിൽ മാത്രം കണ്ടിരുന്നതും ഈ നൂററാണ്ടിലെ തന്നെ ഏറ്റവും ഭയാനകവുമായ പ്രകൃതിദുരന്തത്തിന് സാക്ഷിയാകേണ്ടിവന്നവരാണ് നാം ഓരോരുത്തരും. എത്രകുടുംബങ്ങൾ അനാഥരായി?എത്രകുടുംബങ്ങളെ പട്ടിണിയിലേക്ക് എറിഞ്ഞ് വീഴ്ത്തി?ഇതിനെല്ലാം നമ്മളും കാരണക്കാരല്ലേ?ചിന്തിച്ചുനോക്കൂ.

മദ്യവും മയക്കുമരുന്നും

ജീർണിച്ച ജീവിതവ്യവസ്ഥകളും ഇന്ന് പട്ടിണിയുടേയും എയ്ഡ്സുപോലുള്ള മാരകരോഗങ്ങളുടേയും ഉൾച്ചുഴിയിലേക്ക് മനുഷ്യരെ തള്ളിവിട്ടുമ്പോൾ നമ്മുടെ ഭാവി എന്താണ്? ശാസ്ത്രത്തിന്റെ വളർച്ചയിലൂടെ അതിവിനാശകാരികളായ അണ്വായുധങ്ങളും ഡെമോക്രസിന്റെ വാളുപോലെ ജനങ്ങളുടെ തലയ്ക്കുമുകളിൽ നിൽക്കുമ്പോൾ അത് നമ്മുടെ പുരോഗതിയുടെ പ്രതീകമായാണോ കണക്കാക്കേണ്ടത്?

അജ്ഞരായിരുന്ന പ്രാചീനമനുഷ്യനും ജ്ഞാനസമ്പന്നരെന്ന് സ്വയം അഭിമാനിക്കുന്ന ആധുനികമനുഷ്യനും തമ്മിൽ താരതമ്യം നടത്തിയാൽ നമ്മളേക്കാൾ എത്രയോപടി മുകളിലായിരുന്നു അവർ എന്ന് തോന്നിപ്പോകുന്നു.ഇവിടെ നിലനിന്നിരുന്ന സംസ്കാരവും ശാന്തിയും സമാധാനവും ജീവിതരീതിയും നാം തന്നെയല്ലേ നഷ്ടപ്പെടുത്തിയത്.?ഒരു പ്രളയം ഉണ്ടാകുമ്പോൾ ,ഒരു പ്രകൃതിദുരന്തം ഉണ്ടാകുമ്പോൾ മാത്രം ഉണ്ടാകേണ്ടതല്ല സ്നേഹവും സാഹോദര്യവും.പുറമേ കാണുന്ന അഹംഭാവം മാറ്റി

ഉള്ളിൽ പൂട്ടിവെച്ചിരിക്കുന്ന ശാന്തിയും സമാധാനവും നിറഞ്ഞ ജീവിതരീതി വീണ്ടും കൊണ്ടുവരുവാൻ നമുക്ക് ആവില്ലേ?ഒരു നിമിഷം കൂട്ടായി ചിന്തിക്കാം......



സ്മിത ആന്റണി

# അമ്മ

മിന്നു സ്കൂൾ വിട്ടു വരാറായി. അവളുടെ അമ്മ അവൾക്ക് വേണ്ടതെല്ലാം ഉണ്ടാക്കിവെച്ച് ഉമ്മറത്ത് കാത്തിരിക്കുകയാണ്.പതിവുപോലെ സമയം കഴിഞ്ഞിട്ടും മിന്നു വീട്ടിലെത്തിയിട്ടില്ല.അവളുടെ അമ്മയ്ക്ക് ഭയമായി.അമ്മ ഉമ്മറത്തു നിന്ന് എഴുന്നേറ്റ് മുറ്റത്തേക്കിറങ്ങി.അപ്പോൾ അതാ മിന്നു,അകലെ നിന്നും ഓടി വരുന്നു.വീട്ടിലെത്തിയ മിന്നുവിനോട് അമ്മ കാര്യമന്വേഷിച്ചപ്പോൾ സ്കൂളുവിടാൻ താമസിച്ചുപോയി, കഴിക്കാൻ വല്ലതുമുണ്ടോയെന്ന് ചോദിച്ച് ഒരു ചെറു പുഞ്ചിരിയോടെ അവൾ അകത്തേയ്ക്ക് പോയി.അവളുടെ പിറകെ അമ്മയും പോയി.അമ്മ അകത്തുചെന്ന് അവൾക്ക് ഭക്ഷണം വാരിക്കൊടുത്തു.അവളെകുളിപ്പിച്ചുടുപ്പിട്ടുകൊടുത്തു .പിന്നെ അവളുടെ കളിപ്പാട്ടമെടുത്തുകൊണ്ടവളെ കളി പ്പിച്ചു.അതിനു ശേഷം മിന്നുവിന്റെ കൂടെ ഹോംവർക്ക് ചെയ്യാനുംപഠിക്കാനുമൊക്കെസഹായിക്കാൻ അവളുടെ കൂടെ ഇരുന്നു.പിന്നെ അവളുടെ പുസ്തകങ്ങൾ യഥാക്രമം അവളുടെ ബാഗിൽ

വെച്ചുകൊടുത്തു.അതിനുശേഷം അത്താഴം കഴിപ്പിച്ച് കിടത്തിയുറക്കി.രാവിലെഅവളെ
എഴുന്നേൽപ്പിച്ച്,രാവിലെ ജോലികളൊക്കെ ചെയ്യിച്ച് ഒരുക്കി സുന്ദരിയാക്കി സ്കൂളിൽ വിട്ടു.മിന്നു ഇന്നൊരു വലിയ കുട്ടിയാണ്. കുട്ടിയല്ല അമ്മയാണ്.തന്റെ അമ്മ തന്നെ എങ്ങനെയാണോ വളർത്തിയത് അതുപോലെ തന്നെയാണ് അവൾ അവളുടെ കുട്ടികളെനോക്കുന്നത് .അവളുടെവഴികാട്ടിയും ,റോൾമോഡലും എന്നും അവളുടെ അമ്മ തന്നെ.



വീണ വിനോദ്

# पहेलियाँ

1 कटोरे में कटोरा

बेटा बाप से भी गोरा — नारियल

2 एक बहादुर ऐसा वीर

गाना गाकर मारे तीर — मच्छर

3 एक डिब्बे में बत्तीस दान

बूझनेवाले बडे सयाने — दाँत

4 लाल लाल आँखें, लंबे लंबे कान

रूई जैसा तन , बोलो क्या है उसका नाम — खरगोश

5 हरी टोपी, लाल दुशाला
पेट में है मोती की माला — लाल मिर्च

6 बीमार नहीं रहती
फिर भी खाती है गोली
बच्चे , बूढे डर जाते
सुन इसकी बोली — बंदूक

7 बिना तेल के जलता है
पैर बिना वह चलता है
उजियारे को बिखरा कर
अंधियारा दूर करता है — सूरज

8 एक महल के दो रखवाले
दोनों लंबे दोनों काले
ठाकुरों की शान है वह
मर्दों की शान है वह — मूँछ

9 नहीं चाहिए इंजन मुझको
नहीं चाहिए खाना
मुझपर चढकर आसपास का
कर लो सफर सुहाना — साइकिल

10 दो भाई एक रंग का
गहरा है उसका नाता
इक दूसरे से बिछड जाएं तो
काम न कोई आता — जूता



ഗിരിജാ ലക്ഷ്മി

# സർഗരഹസ്യങ്ങൾ തേടി. . .

-അത് വന്നണഞ്ഞതെങ്ങനെയെന്നോ അതെന്നിൽ വരുത്തിയ പരിവർത്തനങ്ങളെന്തെന്നോ എനിക്കോ എന്നെ അറിയുന്നവർക്കോ അറിയില്ല. കാലാന്തവർത്തിയിൽ പെയ്യൊഴിയുന്ന പേമാരിയിൽ നിന്നോ അതോ ചിത്രശലഭത്തിന്റെ ചിറകടിനാദത്തിൽ നിന്നോപൊട്ടിമുളച്ചതാ- ണോ എന്നതിൽ ഒരു നിശ്ചയവുമില്ല. മനസ്സിന്റെ കാണാക്കോണിലെവി- ടെയോ പൂട്ടിവെച്ചിരുന്ന, കൂട്ടിലടച്ചിരുന്ന പക്ഷി ചക്രവാളസീമ ലക്ഷ്യമിട്ട് ആനന്ദത്തോടെ കുതിച്ചുപായുകയാണ്. അതിന്റെ കരുത്തിനെ വെല്ലാൻ ലോകത്തിലൊരു ശക്തിക്കും കഴിയില്ല. അതെന്റെ കരുത്താണ്,എന്റെ മാത്രം. ഞാൻ നാലാം തരത്തിൽ പഠിക്കുമ്പോഴാണ് ഇതെന്നെ വന്ന് വാരിപ്പുണർന്നത്. എന്റെ ജീവായുസ്സിലെവിടെയോ മിന്നൽ വേഗത്തൽ ഒരു എർത്തിങ്. അറിയില്ല !എന്താണത്? ഞാൻ

ഒളിഞ്ഞും പരസ്യമായും ഒരു
സി ഐ ഡിയെപ്പോലെ അന്വേഷണം തുടങ്ങി. ആ
ഒരനുഭവം എനിക്കു സ
മ്മാനിച്ച അനുഭൂതി മറ്റൊന്നിൽ നിന്നും ലഭിച്ചിട്ടില്ല
എന്നതാണ് വാസ്തവം.
എന്റെ മലയാളം ടീച്ചറാണ് എന്നിലെ കലാകാരിയെ
കണ്ടെത്തിയത്.
ഞാനെന്നും സ്മരിക്കുന്ന എന്റെ അനുപമ
ടീച്ചർ.എന്നിലെവിടെയോ പതു
ങ്ങിയിരുന്ന സർഗശേഷി എന്ന ആയുധത്തിന്
ലോകത്തെ തന്നെ മാറ്റി
മറിക്കാൻ കഴിയുമെന്നും വിപ്ലവം സൃഷ്ടിക്കാൻ
കഴിയുമെന്നും ഞാൻ മന-
സ്സിലാക്കിത്തുടങ്ങി. ആദ്യമായി ഞാൻ
സ്കൂൾതലമത്സരത്തിന് കഥാരചന-
യ്ക്കായെത്തി. എന്റെ മുഖത്ത് തളം കെട്ടിനിന്ന
ആശങ്കകളും,മാനസികസം-
ഘർഷങ്ങളുമെല്ലാം കഥയെഴുതിത്തുടങ്ങിയപ്പോൾ
മാഞ്ഞുപോയി എന്നോർ-
ക്കുമ്പോൾ എനിക്കത്ഭുതം തോന്നുന്നു.
കഥയെഴുതിക്കഴിഞ്ഞിട്ടും എന്റെ ഭാവ

ത്തിനു ഒരു ഭേദവുമുണ്ടായില്ല. അല്പസമയത്തിനു ശേഷം ഫലം പ്രഖ്യാപിയ്ക്കു-
കയാണ്. ടിക്...ടിക്...ടിക്... ഒരു വനത്തിനുള്ളിൽ ആക്രമിക്കാനൊരുങ്ങി
നിൽക്കുന്ന മൃഗങ്ങളുടെയിടയിൽ ഒറ്റപ്പെട്ടുപോയ നിസ്സഹായയെന്നപോലെ
ഞാൻ സ്റ്റേജിലേയ്ക്ക് നോക്കിയപ്പോൾ  ഹൃദയം നിലച്ചുപോയതായി തോന്നി.
ഉടൻ പ്രഖ്യാപനം; ഒന്നാം സ്ഥാനം കുമാരി അഞ്ജിത.എസ്. എനിക്ക് എന്റെ
കാതുകളെ വിശ്വസിക്കാനായില്ല.  ആകെയൊരു പുലമ്പൽസ്വരങ്ങൾ. ഞാൻ
പ്രതിമയെപ്പോലെ നിശ്ചലമായി നിൽക്കുന്ന കൗതുകമുണർത്തുന്ന കാഴ്ചകണ്ട്
അനുപമടീച്ചർ എന്റെ ചുമലിൽത്തട്ടി 'കൺഗ്രാജുലേഷൻസ്' എന്നു പറഞ്ഞ-
പ്പോഴാണ് എനിക്കൊരു
ചലനമുണ്ടായത്.അബോധാവസ്ഥയിൽ, ധൃതി
യിൽ വേദിയിലേയ്ക്കോടി.ആർക്കും ഒരു പുഞ്ചിരി പോലും നൽകാതെ
ഞാൻ സ്വാർത്ഥയെന്നോണം സമ്മാനം വാങ്ങി. ഈ

സംഭവത്തിനു ശേഷം എന്റെ കൂട്ടുകാർ എന്നെ
'കൊലാകാരി 'എന്നു വിളിച്ച് കളിയാക്കി
ത്തുടങ്ങി. ആദ്യമൊക്കെ എനിക്കിത് അസഹ്യമായി
തോന്നിയെങ്കിലും
പിന്നീട് ഞാനെന്റെ 'ഉലികാനാമമായി'
സ്വീകരിക്കുകയാണുണ്ടായത്.
എന്റെ കഥ അത്ര നന്നായോ എന്ന് ഞാൻ സ്വയം
ചോദിച്ചെങ്കിലും
കൃത്യമായ,വ്യക്തമായ ഒരുത്തരം ലഭിച്ചില്ല എന്നത്
എന്നെആശയക്കു-
ഴപ്പത്തിലാക്കി. ആ ഒറ്റൊരനുഭവം എന്നില്
ആത്മവിശ്വാസം പകർന്നു
നൽകി. അതിലുപരി കുട്ടികളുടെ ഇടയിൽ ഷൈൻ
ചെയ്യാനുള്ള ഒരവസരം കൂടിയായി ഞാനിതിനെ
വിനിയോഗിച്ചുവേനൽക്കാലത്തി ന്റെ തീക്ഷ്ണതയിൽ
തളർന്ന് , അലസമായി ഇലകൾ കുഴഞ്ഞുവീഴുക
യെന്നോണം ഇലകൾ കൊഴിയാൻ തുടങ്ങി. ആഴ്ചകൾ
കഴിഞ്ഞു, മാസങ്ങ
ളായി. ആഴ്ചകൾ മാസങ്ങളായും, മാസങ്ങൾ
വർഷങ്ങളായും മാറിയത്
എന്റെ ജീവിതം എന്നെ അറിയിച്ചിട്ടില്ല.

നഗരവൽക്കരണത്തിന്റെയും
അത്യാധുനികതയുടെയും കാലഘട്ടം. ഇന്ന് ഞാൻ
അറിയപ്പെടുന്ന
എഴുത്തുകാരിയാണ്. ഈ സന്ദർഭത്തിൽ എന്റെ ഈ
വിജയത്തിനും,
പ്രൗഢിക്കും അഭിമാനബോധത്തിനുമെല്ലാം ഞാൻ
നന്ദി പറയുന്നത്
ദൈവത്തിനും എന്റെ പ്രിയപ്പെട്ട അനുപമ
ടീച്ചറിനുമാണ്. ഒന്നമല്ലാതി-
രുന്ന എന്നെ ജീവിതത്തിൽ മുന്നേറാൻ
പ്രചോദനമേകിയ, ആത്മവിശ്വാ
സം നൽകിയ ഇവരെ ഓർമ്മിച്ചില്ലെങ്കിൽ ഇന്നത്തെ
എന്റെയീ ജീവിതം
തികച്ചും പരാജയമാണെന്നു പറയേണ്ടി വരും.
"മാതാ-പിതാ-ഗുരു-ദൈവം".ഗുരു-ദൈവം
ഇവരാണെന്റെ വിജയങ്ങൾക്ക് പ്രധാന
പങ്കുവഹിച്ചത്.

*റംസീന റഫീക്ക്*

